പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2527 19.06.2013 ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഗ്രാമങ്ങൾ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം ആയി പ്രഖ്യാപിച്ച് അടിസ്ഥാന സൗകര്യ-വികസന പ്രവൃത്തികൾ നടന്നു വരുന്നത് ; | (എ) | 2012 - 13 സാമ്പത്തിക വർഷം 114 ഗ്രാമങ്ങളെ ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ടി ഗ്രാമങ്ങളിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (ബി) | 2009-10 വർഷം തദ്ദേശസ്വയംഭരണ വകുപ്പും പട്ടികജാതി വികസന വകുപ്പും KILA യും സംയുക്തമായി നടത്തിയ സർവെ റിപ്പോർട്ട് പ്രകാരം 436 പട്ടികജാതി കോളനികളിൽ അൻപതോ അൻപതിൽ കൂടുതലോ കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിരുന്നു. പ്രസ്തുത കോളനികളിൽ ആദ്യഘട്ടമെന്ന നിലയിൽ 114 കോളനികളാണ് 2012-13 വർഷത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | നൂറോളം കുടുംബങ്ങൾ താമസിക്കുന്ന കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ പെരുമ്പിലാവ് പറയ കോളനിയെ "സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം" ആയി തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | സർവ്വെ റിപ്പോർട്ടിൽ കണ്ടെത്തിയ 436 പട്ടികജാതി കോളനികളിലാണ് സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | സ്വീകരിക്കുമെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.